LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 23, ബുധൻ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 1986 ജൂലായ് 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി മന്ദിരത്തിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം 380.

രക്തബാങ്കുകളിലെ സുരക്ഷിതത്വ നടപടികൾ

* 242 [380] ശ്രീ. കെ. മൂസ്സക്കുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, വി. കേശവൻ:
,, ഇ. പത്മനാഭൻ:
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതത്വ നടപടികളുടെ അപര്യാപ്തത ഉള്ള രക്ത ബാങ്കുകളിൽ നിന്നും രക്തം രോഗികൾക്ക് നൽകിയതിന്റെ ഫലമായി രോഗികൾ മരണമടഞ്ഞതായ സംവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടൊക്കെ എത്ര രോഗികൾ വീതം;

(സി) സുരക്ഷിതത്വ നടപടികൾ കൂടുതൽ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ 22-1-1986 ൽ ഒരു രോഗിയുടെ മരണമുണ്ടായതായി റിപ്പോർട്ടുണ്ട്.

(സി) സർക്കാർ ഉടമയിലുള്ള തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ രക്തബാങ്കുകളും ആധുനീകരിക്കാനുള്ള നടപടികളും അടിയന്തിരമായി എടുത്തു വരുന്നു. സഹകാര്യ ഉടമയിലുള്ള രക്തബാങ്കുകളുടെ കാര്യത്തിലും സുരക്ഷിതത്വമേർപ്പെടുത്തുവാൻ ആവശ്യമായ നടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, രക്ത ബാങ്കുകളുടെ സുരക്ഷിതത്വത്തിന്റെ അപര്യാപ്തത മൂലം മരണമടഞ്ഞവരുടെ കണക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇത്രയും ഗുരുതരമായ സംഭവമുണ്ടായിട്ടും രക്ത ബാങ്കുകളുടെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയാണ്. ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത് സത്വരമായ നടപടികളും സ്വീകരിക്കുന്നുണ്ട് എന്നാണ്. അടിയന്തിരമായ നടപടികളും സ്വീകരിക്കുകയും ഇതിനുത്തരവാദികളായുള്ളവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം. അവിടെ ഉള്ള സൗകര്യങ്ങൾതന്നെ ഫലപ്രദമായി ഉപയോഗിക്കാത്തതിന്റെ ഫലമായി വന്നിട്ടുള്ള സംഭവങ്ങളാണിത്. അതിനെ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു? പുതുതായി എന്തൊക്കെ നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കരുണാകരൻ: ഈ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെത്തന്നെ സെക്രട്ടറിയെയും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറെയും മറ്റ് രണ്ടു വിദഗ്ദ്ധന്മാരെയും എറണാകുളത്തേക്ക് അയച്ച് ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സബ്മിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. അതനുസരിച്ച് അവർ റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. എറണാകുളത്തെ ഈ സംഭവത്തിൽ, ഈ പേഷ്യന്റ് അവിടെ വരുന്നതിനു മുമ്പ് ഒരു സഹകാര്യ ആശുപത്രിയിൽ വച്ച്. ബ്ലഡ് ട്രാൻസ്ഫ്യൂഷൻ നടത്തിയിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. എന്തായാലും നമ്മുടെ ബ്ലഡ് ബാങ്കുകളുടെ സംവിധാനത്തിലുള്ള പോരായ്മകളും കണക്കിലെടുത്തുകൊണ്ട് രക്തം ശേഖരിക്കുന്ന കാര്യത്തിലും ശേഖരിച്ച രക്തം സൂക്ഷിച്ചു വയ്ക്കുന്ന കാര്യത്തിലും ഇന്നുള്ള പോരായ്മകളും നികത്തുവാനുള്ള നടപടികളും ആണ് സ്വീകരിച്ചിട്ടുള്ളത്. ഉള്ള കെട്ടിടംതന്നെ അതിന് അപര്യാപ്തമാണ്. ഈ അപര്യാപ്തമായ കെട്ടിടം മാറ്റി താല്ക്കാലികമായി മറ്റൊരു കെട്ടിടം സൗകര്യപ്പെടുത്തിയിരിക്കയാണ്. അതുപോലെതന്നെ ആവശ്യമായ ട്രെയിൻഡ് സ്റ്റാഫ് ഇല്ല. ട്രെയിൻഡ് സ്റ്റാഫിനെ നിയമിക്കുവാൻ ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മൂന്നു റീജിയണിലും ബ്ലഡ് ബാങ്കിൽ ബ്ലഡ് ശേഖരിക്കുന്നതിലും സൂക്ഷിക്കുന്നതിലുമെല്ലാംതന്നെ പ്രത്യേകമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ കൂടുതൽ എന്തെല്ലാം കാര്യങ്ങളും ചെയ്യാൻ സാധിക്കും, എന്തെല്ലാം ചെയ്യേണ്ടതുണ്ട് എന്ന് പരിശോധിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെയും നിയമിച്ചിട്ടുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, രക്തം ശേഖരിക്കുന്നതിൽത്തന്നെ വേണ്ടത്ര ഗൗരവബോധം കാണിക്കുന്നില്ല. എയ്ഡ്സ് പോലെയുള്ള വൻകിട പകർച്ച വ്യാധികളും മറ്റുമുള്ള ഈ അവസരത്തിൽ രക്തം വിൽപന നടത്തുവാൻ വേണ്ടി മെഡിക്കൽ കോളേജിലും മറ്റുമായി ചുറ്റിപ്പറ്റി കറങ്ങുന്ന കുറെ ആളുകളുണ്ട്. യാതൊരു പരിശോധനയും

LIBRARY ARCHIVES Kerala Legislative Assembly

നടത്താതെ, യാതൊരു മുൻകരുതലുമില്ലാതെ ഇവരുടെ രക്തമെടുക്കുന്നതിലും ശേഖരിക്കുന്നതിലുമുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. കരുണാകരൻ: മിക്കവാറും അവരുടെ രക്ത ഗ്രൂപ്പ് മാത്രമേ കാര്യമായി പരിഗണിക്കുകയുള്ളൂ. എന്നാൽ ചില ബ്ലഡ് ബാങ്കുകളിലെ അധികൃതർ രക്തമെടുക്കുന്നതിനുമുമ്പ് നോക്കേണ്ട ചില പ്രാഥമികമായ അന്വേഷണങ്ങൾ നടത്തും. പക്ഷെ അത് മുഴുവൻ തൃപ്തികരമല്ല. ബന്ധുക്കളുടെ ആണെങ്കിൽ രക്ത ഗ്രൂപ്പ് നോക്കിയിട്ട് എടുക്കണം. ഒരു തരം പ്രൊഫഷണൽസ് എന്നു പറയാവുന്ന നിലയിൽ ഉള്ള ആളുകളുണ്ട്. തൊഴിലില്ലായ്മയൊക്കെയാണ് അതിനു കാരണം. അവരെ ആദ്യം പരിശോധന നടത്തി അവരുടെ ആരോഗ്യസ്ഥിതി കണക്കിലെടുത്തശേഷം വേണം രക്തമെടുക്കാനുള്ളതെന്ന് നിർദ്ദേശമുണ്ട്; അത് ആവശ്യമാണെന്ന് ഗവൺമെൻറിന് അഭിപ്രായമുണ്ട്. രക്തം കൊടുക്കുന്ന ആളുകളുടെ ഗ്രൂപ്പുമാത്രം നോക്കിയാൽ പോരാ വ്യക്തിയുടെ ആരോഗ്യ സ്ഥിതിയും കണക്കിലെടുക്കുന്നില്ലെങ്കിൽ ബ്ലഡ് കൊടുക്കുന്നതിന്റെ ഫലമായി മറ്റു രോഗങ്ങൾ ഉണ്ടാകാൻ ഇടയാവുകയും ചെയ്യുമെന്നുള്ളതു കണക്കിലെടുത്തുകൊണ്ടാണ് ഈ കരുതൽ നടപടികളുംപ്പെടെ സ്വീകരിക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നത്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, 22–1–1986–ൽ എറണാകുളത്ത് രക്തം കുത്തിവച്ച് ഒരു രോഗി മരിച്ചതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ രക്തം വീണ്ടും ഏതെങ്കിലും രോഗികൾക്ക് കുത്തിവയ്ക്കുകയുണ്ടായോ? ആ രക്തത്തിലുണ്ടായ തകരാറ് എന്താണെന്നുള്ളതിനെ സംബന്ധിച്ച് വല്ല വിദഗ്ദ്ധ പരിശോധനയും നടത്തി അതിന്റെ റിസൾട്ട് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ആ ബ്ലഡ് ബാങ്കിലെ ബ്ലഡ് ഉപയോഗിച്ച് വേണ്ടയും ഓപ്പറേഷൻ നടത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ കാണുന്നത്. ആ ഡോക്ടർ തന്നെ എട്ടോ ഒൻപതോ ഓപ്പറേഷൻ നടത്തിയിട്ടുണ്ട്. പക്ഷെ അവർക്കൊന്നും യാതൊരു തകരാറും കണ്ടിട്ടില്ല. അതുകൊണ്ടാണ് എറണാകുളം ആശുപത്രിയിൽ വരുന്നതിനുമുമ്പ് ഒരു സ്വകാര്യ ആശുപത്രിയിൽ വച്ച് രക്തം കൊടുത്തതിന്റെ ഫലമായിട്ടാണ് അങ്ങനെ ഉണ്ടായതെന്ന് കരുതുന്നത്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, സാധാരണ ഗതിയിൽ രക്തം എത്ര നാൾ ബ്ലഡ് ബാങ്കിൽ സൂക്ഷിച്ചു വയ്ക്കാൻ സാധിക്കും; അതിന് സമയ പരിധി വല്ലതും നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ പ്രത്യേകമായി ഈ കാര്യം പരിശോധിച്ചിട്ടില്ല.

ശ്രീ. വി. കേശവൻ: സർ, എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ കഴിഞ്ഞ ജനുവരി മാസത്തിൽ ഒരു രോഗി രക്തത്തിലെ തകരാറുമൂലം മരണമടഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ കഴിഞ്ഞ മേയ് മാസത്തിൽ എറണാകുളം ഗവൺമെൻറ് ജനറൽ ഹോസ്പിറ്റലിൽ ഓപ്പറേഷനു ശേഷം രക്തം കൊടുത്തതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

ഒരു രോഗിയുടെ കണ്ണ് നഷ്ടപ്പെടുകയും മറ്റൊരു രോഗി മരിക്കാനിടയാകുകയും ചെയ്ത സംഭവത്തെപ്പറ്റി പത്രങ്ങളിൽ വാർത്ത വന്നു. ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ? വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: കണ്ണ് നഷ്ടപ്പെട്ടതിനെക്കുറിച്ചും അന്വേഷിച്ചിട്ടുണ്ട്. ഈ രണ്ട് അന്വേഷണത്തിന്റെയും ഫലമായിട്ടാണ് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടികളും സ്വീകരിച്ചിട്ടുള്ളതും.

ശ്രീ. വി. കേശവൻ: സർ, സ്വകാര്യ എജൻസികളും ബ്ലഡ് ബാങ്ക് സ്ഥാപിക്കുകയും അവിടെ രക്തം ശേഖരിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ ശേഖരിക്കുന്ന രക്തം കുത്തിവച്ച് ചില കുഴപ്പങ്ങളുണ്ടാകാറുണ്ട്. ശരിയായി പരിശോധിച്ചാണോ ബ്ലഡ് ബാങ്കുകൾ അവർ സ്ഥാപിച്ചത്? അതിന് അവർക്ക് പ്രത്യേക അനുവാദം കൊടുത്തിട്ടുണ്ടോ? - അതുപോലെ അവിടെ ശേഖരിക്കുന്ന രക്തത്തെ സംബന്ധിച്ച് സൂക്ഷ്മമായ പരിശോധന നടത്തി ശരിയായരീതിയിൽ രക്തം ശേഖരിച്ചു വയ്ക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സ്വകാര്യ ബ്ലഡ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം ഇന്ന് ശരിയായ നിലയിലുള്ള നിയന്ത്രണമില്ല. അതുകൊണ്ട് ഈ കാര്യം ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ച് ആവശ്യമായ നിയമ നിർമ്മാണം ഉണ്ടാക്കാനും മറ്റെന്തെല്ലാം നടപടികളും സ്വീകരിക്കണമെന്നു പരിശോധിക്കാനും വേണ്ടിയാണ് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുള്ളത്. ആ കമ്മിറ്റിയുടെ കാലാവധി ജൂൺ മാസത്തിൽ കഴിഞ്ഞതാണ്. അവർക്ക് മൂന്നു മാസം കൂടി എക്സ്റ്റൻഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. പത്മനാഭൻ: സർ, രക്തം ദാനം ചെയ്യുമ്പോൾ രക്തം സ്വീകരിക്കുന്നതോടൊപ്പം രക്തത്തിലൂടെ പകരുന്ന വൈറസ് മൂലം ഉണ്ടാകുന്ന ആപത്ത് വളരെ ഗുരുതരമാണ്. നമ്മുടെ ബ്ലഡ് ബാങ്കുകളിൽ രക്തമെടുക്കുന്നതിനും അത് കൊടുക്കുന്നതിനുമിടയിൽ ജോലി ചെയ്യുന്ന ബ്ലഡ് ബാങ്ക് ടെക്നിഷ്യൻ ഉൾപ്പെടെയുള്ളവർക്ക് വൈറസ് സംബന്ധമായ കാര്യങ്ങളും പരിശോധിക്കാനോ തിരിച്ചറിയാനോ അതിനെ ക്ലാസിഫൈ ചെയ്യാനോയുള്ള യാതൊരു വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതയും ഇല്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് ബ്ലഡ് ബാങ്കുകളിൽ ഇതിനെല്ലാം ആവശ്യമായ സൗകര്യങ്ങളും സാമഗ്രികളും നൽകി വിദ്യാഭ്യാസ യോഗ്യതയുള്ള ആളുകളുടെ നിയന്ത്രണത്തിൽ ഇവ പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. കരുണാകരൻ: സർ, അതിന് യോഗ്യതയുള്ള ആളുകളെ കണ്ടെത്തി ഉടനെ നിയമിക്കുവാൻ ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ പേരിന് ഒരു ഉദ്യോഗസ്ഥനു മാത്രമാണ് ചാർജ്ജ് ഉള്ളത്. ഇവിടെ സൂചിപ്പിച്ച രണ്ടുമൂന്നു കാര്യങ്ങളും വളരെ പ്രസക്തമാണ്. ഒന്ന്, ഇത് പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിന് വേണ്ട എക്യുപ്മെൻറ്സ്, രണ്ട്, അത് കൈകാര്യം ചെയ്യാനുള്ള ആഫീസേഴ്സ്. ഇത് രണ്ടും നമുക്ക് കമ്മിയാണ്. ചെലവു ചുരുക്കൽ നടപടികളൊക്കെ ഉണ്ടായിരുന്നിട്ടുപോലും അത് മാറിവച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ തസ്തികകളിലേക്ക് ആളുകളെ നിയമിക്കുവാൻ വേണ്ട നിർദ്ദേശം കൊടുത്തുകഴിഞ്ഞു. യോഗ്യതയുള്ള ആളെ കണ്ടെത്താനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് ഫെയിലിയർ മറ്റൊരു കാരണമാണ്. ടെമ്പറേച്ചർ ശരിക്കു കീപ് അപ്പ് ചെയ്യാൻ സാധിക്കാത്തതുകൊണ്ട് അതു നഷ്ടപ്പെടുന്നുണ്ട്. അതിനുവേണ്ടി തൽക്കാലം ഇലക്ട്രിസിറ്റി ബോർഡിനോട് തുടർച്ചയായി സപ്ലൈ ചെയ്യാൻ പറയുന്നതോടൊപ്പം തന്നെ ഒരു ജനറേറ്ററും വാങ്ങിച്ച് സ്ഥാപിക്കുന്നുണ്ട്.

ശ്രീ. ഇ. പത്മനാഭൻ: സഹകാര്യമേഖലയിൽ ഇന്ന് പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്കുകളും ബ്ലഡ്, ബാക്ടീരിയ മുതലായവ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികളും ആവശ്യമായ ഗുണനിലവാരം നിലനിറുത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിനും ആവശ്യമായ സാങ്കേതിക സംവിധാനങ്ങളും, സാമഗ്രികളും, യോഗ്യതയുള്ള ആളുകളുമാണ് നടത്തുന്നത് എന്നുള്ള കാര്യം ഉറപ്പു വരുത്തുന്നതിനും വേണ്ട നിയമനിർമ്മാണമോ പരിശോധനകളോ സംവിധാനമോ ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ വച്ചിട്ടുള്ളത് ഇത് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ട് തരുന്നതിനുവേണ്ടിയാണ്. അവർ ആഗസ്റ്റ് വരെ സമയം ചോദിച്ചിട്ടുണ്ട്. ആഗസ്റ്റിൽ റിപ്പോർട്ട് കിട്ടിയാൽ ഒട്ടും താമസിക്കാതെ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിലെ ബ്ലഡ് ബാങ്കുകൾ ആധുനീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രിയിൽ രക്തം സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതിന്റെ ഫലമായി രക്തം ആവശ്യമുള്ള രോഗികൾ വേണ്ട സമയത്ത് രക്തം കൊടുക്കുന്നവരെക്കൂടി കൊണ്ടുചെല്ലേണ്ട ഗതികേടുണ്ട്. അതുകൊണ്ട് അടിയന്തിരമായിട്ട് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബ്ലഡ് ബാങ്കുകൾ ആധുനീകരിക്കാനും അവിടെ ഒരു ജനറേറ്റർ കൂടി വാങ്ങാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: എല്ലാ ആശുപത്രികളിലും ഉണ്ടായാൽ കൊള്ളാമെന്നാണ് ആഗ്രഹം. പക്ഷേ സാമ്പത്തിക സ്ഥിതിയും മറ്റു കാര്യങ്ങളുമൊക്കെ കണക്കിലെടുത്തുകൊണ്ട് തൽക്കാലം മൂന്നു കേന്ദ്രങ്ങളിലെങ്കിലും ആരംഭിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ എത്തിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കുന്നതാണ്. സെൻട്രലൈസ്ഡ് കളക്ഷൻ നടത്തിയതിനുശേഷം സപ്ലൈ ചെയ്യുന്നതിനുള്ള സംവിധാനവും കൂടി ഏർപ്പെടുത്തുന്ന ഒരു സാഹചര്യം ഉണ്ടാക്കും. എറണാകുളവും ആലപ്പുഴയും തമ്മിൽ 40 നാഴിക വ്യത്യാസമേ ഉള്ളൂ. തൽക്കാലം ആലപ്പുഴയിൽ വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ എറണാകുളത്തെ ബാങ്കിൽനിന്ന് സപ്ലൈ ചെയ്യാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. കെ. വി. പ്രഭാകരൻ: എറണാകുളത്തെ ഒരു രക്തബാങ്കിന്റെ പ്രശ്നമാണ് ഇവിടെ പറഞ്ഞത്. അതേപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങിയെന്നു പറഞ്ഞു. ഇപ്പോൾത്തന്നെ ബ്ലഡ് ബാങ്കുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ചില നിയമങ്ങളും ചട്ടങ്ങളുമൊക്കെയുണ്ട്. കൂടുതൽ നന്നാക്കുന്നതിന് കമ്മിറ്റിയെ വയ്ക്കുന്നതു കൊള്ളാം. ആ ചട്ടം അനുസരിച്ച് അതിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കെട്ടിടവും അതിനുള്ള സംവിധാനങ്ങളും ഉണ്ടായിരുന്നോ? ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് സർട്ടിഫൈ ചെയ്തിട്ടു വേണം രക്തബാങ്കുകൾ സ്ഥാപിക്കാൻ. ആ കാര്യങ്ങൾ പാലിച്ചിരുന്നോ? ഈവക കാര്യങ്ങൾ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ? എറണാകുളത്തെ ഒരു ബാങ്കിന്റെ കാര്യം മാത്രമല്ല, എല്ലാ രക്ത ബാങ്കുകൾക്കും ഇത്തരത്തിലുള്ള ന്യൂനതകൾ ഉണ്ടോ ഇല്ലയോ എന്നു പരിശോധിച്ച് അടിയന്തിരമായിട്ട് റെക്ടിഫൈ ചെയ്യാനുള്ള വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഡ്രഗ്സ് ആൻറ് കോസ്മറ്റിക് റൂൾസ് അനുസരിച്ച് ഇത് ചെയ്യണമെന്നുള്ളതാണ് വ്യവസ്ഥ. അതനുസരിച്ച് ചെയ്യുന്നു എന്നാണ് വയ്പ്. ഏതായാലും അതിന്റെ പോരായ്മകൾ മനസ്സിലാക്കിയതുകൊണ്ടാണ് വിദഗ്ദ്ധ കമ്മിറ്റിയെ വച്ചത്. നിയമത്തിൽത്തന്നെ ആവശ്യമായ ഭേദഗതികൾ വരുത്തണമെങ്കിൽ വരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ്: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള രക്ത ബാങ്കുകൾ ഏർപ്പെടുത്തുമെന്നു പറഞ്ഞു. നാലു ജില്ലകൾക്കു പൊതുവായിട്ടുള്ള കോട്ടയം മെഡിക്കൽകോളേജ് ഈ വർഷം രജതജൂബിലി ആഘോഷിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ അവിടെയുള്ള മെഡിക്കൽ കോളേജ് അഡ്വൈസറി കമ്മിറ്റിയുടെ ചുമതലയിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനും തയ്യാറാണ്. അവിടെ രക്ത ബാങ്ക് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സാമ്പത്തിക നിലയനുസരിച്ചും ഓരോ സ്ഥലത്തേയും പ്രത്യേക അവസ്ഥ കണക്കിലെടുത്തുമാണ് നടപടികൾ സ്വീകരിക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ: ആരോഗ്യവാൻമാരല്ലാത്ത വ്യക്തികളിൽ നിന്നൊക്കെ രക്തം സ്വീകരിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ട്. ഗ്രൂപ്പ് സിസ്റ്റം പ്രകാരം രക്തം ശേഖരിച്ച് രോഗികൾക്ക് ഇൻജക്ട് ചെയ്തതിന്റെ ഫലമായിട്ട് ആയുസ്സ് നഷ്ടപ്പെട്ട സംഭവം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഉണ്ടായതായി റിപ്പോർട്ടുണ്ട്. അങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി ആരോഗ്യമുള്ള വ്യക്തികളിൽനിന്ന് ഇന്ന ഗ്രൂപ്പിനു മാത്രമേ രക്തം കൊടുക്കാൻ പാടുള്ളൂ എന്ന് ഉള്ള ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഉണ്ടാക്കാൻ തയ്യാറുണ്ടോ? ഇത് കോഴിക്കോട്ടും എറണാകുളത്തും തിരുവനന്തപുരത്തും ഉള്ള പ്രശ്നമാണ്.

ശ്രീ. കെ. കരുണാകരൻ: ഗ്രൂപ്പ് തെറ്റിക്കൊടുക്കാൻ പാടില്ല. അതിന് അത് കൈകാര്യം ചെയ്യുന്ന ആളുകൾ മുതിരുമെന്ന് തോന്നുന്നില്ല. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഉടനേതന്നെ അന്വേഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: പ്രൈവറ്റ് ബാങ്കുകളും ആയാലും ശരി ഗവൺമെന്റ് ഉടമയിലുള്ള ബാങ്കുകളായാലും ശരി രക്തം സൂക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ഒരു ഘടകമാണ് ഇലക്ട്രിസിറ്റി. അതുപോലെതന്നെ പലയിനം മരുന്നുകളും ഫ്രിഡ്ജിൽ സൂക്ഷിക്കുന്നതിനും ഇലക്ട്രിസിറ്റി ആവശ്യമാണ്. ഇപ്പോഴത്തെ ഇലക്ട്രിസിറ്റി ക്ഷാമംകൊണ്ടും അല്ലാതെയുള്ള കാരണങ്ങളാലും പലപ്പോഴും ഇലക്ട്രിസിറ്റി സമയത്തിന് ഇല്ലാത്തതുകൊണ്ടും ബ്ലഡ്ഡിന്റെ കാളിറ്റിയും മരുന്നുകളുടെ കാളിറ്റിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് സ്റ്റോറായാലും പ്രൈവറ്റ് സ്ഥാപനങ്ങളിലായാലും ഇതുതന്നെയാണ് അവസ്ഥ. മരുന്നിന്റെ കാളിറ്റിയും ബ്ലഡ്ഡിന്റെ കാളിറ്റിയും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റുടമയിലും പ്രൈവറ്റുടമയിലുള്ള ബ്ലഡ്ബാങ്കുകളിലും പ്രൈവറ്റ് മെഡിക്കൽ സ്റ്റോറുകളിലും ഗവൺമെന്റിന്റെ മരുന്നു സൂക്ഷിക്കുന്ന സ്ഥലങ്ങളിലും ജനറേറ്റർ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: കറണ്ട് സപ്ലൈ മെഡിക്കൽ ഷോപ്പുകളിൽ കണ്ടിന്യൂസ് ആയിട്ട് കൊടുക്കുന്നതിന് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിനോട് പറഞ്ഞിട്ടുണ്ട്. അതിനും പുറമെ ഒരു ജനറേറ്ററും കൂടി വാങ്ങി സ്റ്റെപ്പിനിയായിട്ട് കരുതുന്നതാണ്.

Dr. A. Subba Rao: Sir, May I know how many Blood Banks are there in the Private Agencies, and what are the norms fixed for starting these blood banks, and whether we have got any machinery to inspect these blood banks before it is allowed to start functioning?

ശ്രീ. കെ. കരുണാകരൻ: എത്രയുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് പറയുന്നതിന് നോട്ടീസ് വേണം. ഇതിന് അനുവാദം കൊടുക്കുന്നതിന് ചില വ്യവസ്ഥകളെല്ലാമുണ്ട്. അത് പാലിച്ചിരിക്കണമെന്നുള്ളത് നിർബന്ധമാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ സംസ്ഥാനത്തെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽപ്പോലും രക്തം സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്നില്ല. വ്യാപകമായി, സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടിയോ മറ്റു വിധത്തിലോ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലെങ്കിലും രക്തം സൂക്ഷിക്കുന്നതിനുള്ള സംവിധാനം അടിയന്തിരമായി ഉണ്ടാക്കുമോ? കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പതിനായിരം രൂപയെങ്കിലുമുണ്ടെങ്കിൽ അതു തുടങ്ങാമെന്നാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ അത്തരത്തിലുള്ള സംവിധാനത്തിനുവേണ്ടി ഒരു പ്രത്യേക സംരംഭം ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അടുത്തമാസംതന്നെ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ ഇതുംപ്പെടെയുള്ള (താൽക്കാലിക അറേഞ്ച്മെന്റിനുപകരം) പോസിറ്റീവ് ആയിട്ടുള്ള ഒരു സ്റ്റെപ് എടുക്കണമെന്നാണ് ഉദ്ദേശം. അങ്ങനെ ചെയ്യുന്ന അവസരത്തിൽ തീർച്ചയായിട്ടും ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിത്തന്നെ അത് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly